
# ST.PETER'S JACOBITE SYRIAN ORTHODOX CHURCH

## KINGDOM OF BAHRAIN

## The Church Bulletin

April 2011



Our Patron Saint
ST. PETER

**Our Patriarch**
His Holiness Moron Mor Ignatius Zakka 1 Iwas

**Our Catholicos**
His Beatitude Baselios Thomas 1

**Our Patriarchal Vicar**
His Grace Pathros Mor Osthatheos

**Vicar**
Rev. Fr. Thomas Nediapalackal

**Editor**
Prageesh John Tharakan

**Type setting**
Raju P. Kurian

**Press**
Siam Printers

# *Index*


Passion Week
(Message from Patriarchal Vicar)

കുരിശിലൂടെയുള്ള നവജീവൻ
(Message from vicar)

സുറിയാനി സഭാ വിശ്വാസവും വിശ്വാസികളും

Easter Joy

Media Bytes

Kids Bible Words Search

Can You Match These Bible Couples ?

Fairwell And Birthday

Bible Quiz

Parish News

Sunday School Education – True Value

Editor's Message


for circulation among church members only

## H. G. Pathros Mor Osthatheos



# Passion Week

As church, faithful children of God, we understand that holy week is most meditative days in our life. As Christians, despite the denominational differences observe piety. Jesus Christ, the only son of God Almighty sent with mission to save entire humanity. During this week we are given a chance to reflect on and re-live the last hours of Jesus' life. Our Lords triumphant entry into Jerusalem does not instructs us stop His mission rather to succeed in setting the world alight with the flames of that fire which he came to cast upon earth to enlighten the light of Truth - which is our Jesus - will enlighten men's minds with a brightness that never fades. Our sins were the cause of the Passion; of that torture which disfigured the most lovable countenance of Jesus, again it is our wretchedness that delays us now from contemplating Our Lord, and makes his figure appear dark and distorted. When our sight is blurred, when our eyes are clouded, we need to go to the light. And Christ has said (John 8:12), I am the light of the world. He that follows me walks not in darkness, but shall have the light of life. The more we belong to Christ, the more grace we will obtain to be effective in this world and to be happy in eternity. But we must make up our mind to follow the way of self-surrender with the Cross on shoulders, with a smile on lips, and a light in our soul.

Holy week leads us up to the Christ's Cross. Which rise aloft for all to see, as an act of compensation? It is a symbol of peace and of joy, a symbol of the Redemption and of the unity of the human race. It is a symbol of the love that the Most Holy Trinity, God the Father, God the Son and God the Holy Spirit had, and continues to have, for mankind.

We should know how to thank Our Lord for all He has done for us. With love! There is no other way. Love is with love repaid. But the real proof of affection is given by sacrifice. So, take courage! deny our self and take up his Cross. Then we will be sure we are returning to His love for Love. Returning to the Passover which Jesus himself longed and longed to eat this Passover. We stand with St Mary's courage at the foot of the Cross, with the greatest of human sorrows--there is no sorrow like her sorrow--filled with fortitude. And ask her for that same strength, so that we too can remain beside the Cross. We go with Nicodemus and Joseph of Arimathea, who is hidden disciples of Christ, intercede for Him making use of the high positions they hold. In the hour of loneliness, of total abandonment (Mark 15:43) the heroic courage! With them we too will go up to the foot of the Cross; we will press arms tightly round the cold Body, the corpse of Christ, with the fire of love. we will unnail it, with our reimbursement. We will wrap it in the new winding-sheet of our clean life, and we will bury it in the living rock of our breast, where no one can tear it away from us, and there, Lord, take rest. And "Put up with our share of difficulties, like a good soldier of Jesus Christ," St Paul tells us. A Christian's life is a fight, a war, a beautiful war of peace and completely different from human warfare which results from division and often hatred. The war of the sons of God is a war against their own selfishness. It is based on unity and love. Along with this meditation I humbly conclude with wishes of Happy Easter. God bless you all.

**Pathros Mor Osthatheos**
**Patriarchal Vicar, St Peters JSO Church, Kingdom of Bahrain.**



Rev.Fr.Thomas Nediapalackal (Vicar)

# കുരിശിലൂടെയുള്ള നവജീവൻ

ഒരിക്കൽകൂടി നാം ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ തീവ്രമായ അനുസ്മരണത്തിലൂടെ ഉയിർപ്പിന്റെ പുതുക്കത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ലോകമെങ്ങുമുള്ള ക്രൈസ്തവ ജനത ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ സ്മരണയിലൂടെ പുനരുത്ഥാനത്തിന്റെ അനുഭവത്തിലേയ്ക്ക് വരുന്നു. ഈ സന്ദർഭത്തിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ പ്രസക്തിയും ഇതുമൂലം നമുക്ക് കൈവരുന്ന നവജീവൻ എങ്ങനെയെന്നു നമുക്ക് വിചിന്തനം ചെയ്യാം.

ദുഃഖവെള്ളിയാഴ്ച കോഴ്സിക്കയിലെ ഒരു ഗ്രാമത്തിൽ അപൂർവ്വമായ ഒരു കാഴ്ച കാണാവുന്നതാണ് എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ചുവന്ന മുഖം മൂടി ധരിച്ച് നഗ്ന പാദനായ ഒരു മനുഷ്യൻ ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് നടന്നു പോകുമെന്ന്. വേദപുസ്തകത്തിൽ, ക്രിസ്തു കുരിശും ചുമന്നുകൊണ്ടു പോകുന്നതിന്റെ നാടകാവിഷ്കാരമൊന്നുമല്ല. മനസ്സാക്ഷികുത്തേല്ക്കുന്ന മനുഷ്യൻ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് മനസമാധാനത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ഒരു നേർച്ചയാണ്. ഇതിനു നേരത്തെത്തന്നെ ബുക്ക് ചെയ്യണമത്രെ. വേദപുസ്തക വ്യാഖ്യാനത്തിന്റെ ദയനീയമായ ഒരു വൈകൃതമായി ചിലർ കാണുമെങ്കിലും ഇതിനു പുറകിലുള്ള വികാരത്തെ നാം മാനിക്കേണ്ടതാണ്.

വാസ്തവത്തിൽ കാൽവറിയിലെ ക്രൂശിലെ കഷ്ടാനുഭവവും തുടർന്നുള്ള ക്രിസ്തുവിന്റെ മരണവും എന്തായിരുന്നു?. എന്തിനു വേണ്ടിയായിരുന്നു എന്നു വേദപുസ്താകാടിസ്ഥാനത്തിൽ നാം മനസ്സിലാക്കുമ്പോൾ നാം അനുഷ്ഠിയ്ക്കുന്ന കഷ്ടാനുഭവാഴ്ചയുടെ പ്രസക്തി ഏറുന്നു.

ദൈവസ്നേഹത്തിന്റെയും ദൈവനീതിയുടെയും അനുരഞ്ജനം അഥവാ സംയോജനമാണ് നാം കാൽവറിയിലെ കഷ്ടാനുഭവത്തിൽ കാണുന്നത്.

മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം ദൈവസ്നേഹ സംസർഗ്ഗത്തിൽ നിലനില്ക്കുക എന്നാണല്ലോ. ‘‘അതു തിന്നുന്ന നാളിൽ നീ മരിക്കും’’.അനുസരണക്കേടിന്റെ ഫലം അതായിരുന്നു. അത് ആദ്യമനുഷ്യനിലൂടെ കല്പന ലംഘനം മൂലം ലോകത്തിലേയ്ക്ക് വന്നു. ‘‘പാപം ചെയ്യുന്ന ദേഹി മരിക്കും’’(യെഹ!18:20) ‘‘പാപത്തിന്റെ ശംബളം മരണമത്രെ’’(റോമ!6:23), പാപത്തി ന്റെ ശിക്ഷ മരണമാണ്. അത് ദൈവനീതിയാണ്. അത് അക്ഷരം പ്രതി നിറവേററപ്പെടണം. പല്ലിനു പകരം പല്ലും കണ്ണിനു പകരം കണ്ണ് പകരം ചെയ്യുന്ന ദൈവത്തിന്റെ നീതി കർക്കശമാണ്.

എന്നാൽ കർക്കശമായ ഈ ദൈവനീതിയെ വെല്ലുന്നതായിരുന്നു ദൈവസ്നേഹം. ദൈവം തന്റെ കൃപാബാഹുല്യത്താൽ, തന്റെ നീതി യുടെ ഫലമായി മനുഷ്യവർഗ്ഗം മുഴുവൻ മരണത്തിൽ നിലനില്ക്കുവാൻ ആഗ്രഹിക്കാതിരുന്നതിനാൽ താൻ ആ മരണം സ്വയം ഏററെടുക്കുവാൻ തിരുമനസ്സായി. അതിനുള്ള രക്ഷാപദ്ധതിയുടെ ഭാഗമായി തന്റെ ഏകജാതനെത്തന്നെ പ്രതിപകരമായി നല്കി.

‘‘പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവനെ പാപം ആക്കി’’. സകലതും അവൻ വഹിച്ചു. പതിനായിരത്തിൽ ശ്രേഷ്ഠനും (സദൃശ്യ!5:10) സർവ്വാംഗ സുന്ദരനും (5:16) ആയ അവൻ ക്രൂശിൽ വിരൂപനായി. ‘‘നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു, അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപിണരാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു’’. (യെശ്ശയ്യ!52:4-6)

പാപം മൂലമുള്ള ദൈവത്തിൽ നിന്നുള്ള അകൽച്ച വേദനാജനകമാണ്. അതുകൊ ▌ ാണ്, “എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു”. (മത്തായി!26:38) എന്ന് യേശു ശിഷ്യരോടും “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്” എന്ന് ക്രൂശിൽ കിടന്നു നിലവിളിച്ചതും അതുകൊ ▌ ാണ്. പാപത്തിന്റെ ഫലമായി മനുഷ്യൻ ദൈവത്തിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടതിന്റെ വേദന യേശു ക്രൂശിൽ അനുഭവിക്കുകയാണ്.

ദൈവത്തിന്റെ ശിക്ഷയുടെയും രക്ഷയുടെയും മഹാസംഗമം കാൽവറിയിലെ ക്രൂശിൽ നടക്കുന്നു. ദൈവത്തിന്റെ നീതിയുടെ ഫലമായുള്ള ശിക്ഷ മരണമാണ്. അത് ക്രിസ്തു സ്വയം നമുക്കു വേ ▌ ി അനുഭവിക്കുന്നു. അത് ദൈവത്തിന്റെ രക്ഷ പദ്ധതിയാണ്. അത് ദൈവത്തിന്റെ സീമാതീതമായ സ്നേഹത്തിന്റെ പ്രകടനമാണ്. അതുകൊ ▌ ് കാൽവറി ക്രൂശ് ദൈവത്തിന്റെ നീതിയുടെ ഫലമായുള്ള ശിക്ഷയുടെയും സ്നേഹത്താലുള്ള രക്ഷയുടെയും അനുരജ്ഞനമാണ്. സംഘട്ടനമാണ്. അത് നമുക്കു വേ ▌ ി ക്രിസ്തു ക്രൂശിൽ അനുഭവിക്കുന്നു.

ഈ രക്ഷ സാദ്ധ്യമാകുന്നത് വിശ്വാസത്തിലൂടെയാണ്. “തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേ ▌ തിന് അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു”(യോഹ!3:16) ഇതു നാം വിശ്വസിച്ച് അംഗീകരിക്കുമ്പോൾ മാത്രമെ രക്ഷയുടെ അനുഭവം ഒരു യാഥാർത്ഥ്യമാവുകയുള്ളു. നാം ചെയ്ത പാപങ്ങളുടെ ഫലമായി ക്രിസ്തു കഷ്ടത അനുഭവിച്ചു മരിച്ചു എന്ന് വിശ്വസിക്കുമ്പോൾ നമുക്ക് പാപക്ഷമ ലഭിച്ച് ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നു.

ഈ യാഥാർത്ഥ്യം വിശദീകരിക്കുവാൻ ഒരു സംഭവ കഥ അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിൽ നിന്നും കേട്ടിട്ടു ▌ ്. ആൻഡ്രൂ ജാക്സൻ പ്രസിഡന്റായിരുന്ന കാലത്താണ് അത് സംഭവിച്ചത്. ജോർജ് വിൽസൻ ശിക്ഷ വിധിക്കപ്പെട്ട് ജയിലിൽ കഴിയുകയായിരുന്നു. പ്രസിഡന്റ്, ജോർജ് വിൽസന് തന്റെ ഭരണഘടനാപരമായ അധികാരത്താൽ കുററവിമുക്തനാക്കു വാൻ ക്ഷമാപത്രം നല്കി. എന്നാൽ ജോർജ് വിൽസൻ അത് നിഷേധിച്ചു. അംഗീകരിക്കുവാൻ തയ്യാറായില്ല. വളരെ വിവാദമായി. അവസാനം ചീഫ് ജസ്റ്റിസ് ജോൺ മാർഷൽ, പ്രസിഡന്റിന്റെ ക്ഷമാപത്രം അസാധുവാണെന്ന് വ്യക്തമാക്കി. കാരണം, പ്രസിഡന്റിന്റെ ക്ഷമാപത്രത്താൽ ജോർജ് വിൽസൻ കുററവിമുക്തനാണെങ്കിലും അത് അദ്ദേഹം അംഗീകരിക്കാത്തിടത്തോളം അത് വെറും കടലാസ്സുമാത്രമാണ്.

ഇതുപോലെത്തന്നെ “ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ പ്രത്യാശയുമാകുന്നു”. അതുകൊ ▌ ാണ്, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ തീവ്രമായി അനുസ്മരിക്കുന്ന ഈ കാലയളവിൽ ആ ▌ ു കുമ്പസാരം നടത്തി, ക്രിസ്തു നമ്മുക്കു കൈവരിച്ച രക്ഷയുടെ അനുഭവം നാം പുതുക്കുന്നത്.

ക്രിസ്തുവിന്റെ രക്ഷാ പദ്ധതി, തന്റെ ക്രൂശിലെ മരണത്തിലൂടെ അവസാനാക്കുന്നില്ല. അത് തന്റെ ഉയർപ്പിലൂടെയാണ് ദൗത്യം പൂർണമാകുന്നത്.മരണത്തെ അതിജീവിക്കുന്ന രക്ഷാപദ്ധതി!. മരണത്തിന്റേതായ കൈയ്പ്പും, ദുഃഖകരമായ അനുഭവങ്ങൾ, പരാജയങ്ങൾ, നിരാശ എന്നിവയിൽ നിന്ന് മോചനം നേടി. സന്തോഷം, സമാധാനം, പ്രത്യാശ എന്നിവ നിറഞ്ഞ ഉയിർപ്പിന്റെ അനുഭവത്തിലേയ്ക്ക് നമ്മുക്ക് പ്രവേശിക്കാം.

***എല്ലാവർക്കും എന്റെ ഈസ്റ്റർ ആശംസകൾ!!!!***

**- ഫാ.തോമസ് നെടിയപാലയ്ക്കൽ**

Message



Shiny Susan

# ***സുറിയാനി സഭാ വിശ്വാസവും വിശ്വാസികളും***

പരിശുദ്ധ സുറിയാനി സഭാ വിശ്വാസികളായ നമ്മിൽ പലരും നമ്മുടെ സഭാ വിശ്വാസങ്ങൾ വിട്ട് നവീന സഭകളിൽ ചേരുന്നത് വേദനാജനകമാണ്. നമ്മുടെ സഭയേയും അതിന്റെ വിശ്വാസത്തേയും കുറിച്ചുള്ള അജ്ഞതയാണ് ഇതിനു കാരണം. യേശു ക്രിസ്തു പഠിപ്പിച്ചിരിയ്ക്കുന്നത് "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോടു നീങ്ങി സമുദ്രത്തിൽ പോക എന്നു പറഞ്ഞാൽ അതു സംഭവിയ്ക്കുമെന്നാണ്". ആ വിശ്വാസം ഇല്ലാഞ്ഞിട്ടാണ് നമ്മുടെ പ്രാർത്ഥനകളിൽ അത്ഭുതങ്ങൾ സംഭവിക്കാത്തത്. ജനിച്ചു വളർന്ന സഭയിൽ ഇല്ലാത്ത വിശ്വസം ഒരു സുപ്രഭാതത്തിൽ നിങ്ങൾക്ക് നവീന സഭകളിൽ എങ്ങനെയുണ്ടാകുന്നു?. പരിശുദ്ധ പിതാക്കൻമാർ പഠിപ്പിച്ചിരിയ്ക്കുന്ന കല്പനകൾ പാലിയ്ക്കുകയും ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിയ്ക്കുകയും ചെയ്താൽ ദൈവം തമ്പുരാൻ സകല അനുഗ്രഹങ്ങളും അളവില്ലാതെ നമുക്ക് തരും.

പരിശുദ്ധ സഭയുടെ കല്പനകൾ പഠിക്കാനും വിശുദ്ധ കുർബാനയുടെ പ്രാധാന്യത്തെപ്പററി മനസ്സിലാക്കാനും വേണ്ടിയാണ് നമ്മുടെ Sunday schools. വളർന്നുവരുന്ന നമ്മുടെ പുതിയ തലമുറയെ ചിട്ടയായി സൺഡേ സ്കൂളിൽ വിടേണ്ടത് വളരെ അത്യാവശ്യമാണ്. സുറിയാനി സഭാ വിശ്വാസികളായ നമ്മൾ കൃത്യമായി എല്ലാ ഞായറാഴ്ചകളിലും മോറാനായ പെരുന്നാളുകളിലും പള്ളിയിൽ പോകാറുണ്ടോ? അർത്ഥമറിഞ്ഞ് ഒരു പ്രാവശ്യമെങ്കിലും കുറിയേലായിസ്സോൻ എന്നു ചൊല്ലാറുണ്ടോ? ഇതൊന്നും അറിയില്ലെങ്കിലും ആരെങ്കിലും പറയുന്നതു കേട്ട് നവീന സഭക്കാരുടെ പുറകെ പോകുകയും അവർ വ്യാഖ്യാനിയ്ക്കുന്നതു പോലെ വേദപുസ്തകം സൗകര്യപ്രദമായി വ്യാഖ്യാനിയ്ക്കുകയും ചെയ്യുന്ന ശീലം നിർത്തി, നമ്മുടെ സഭയുടെ പ്രത്യേകതകളെക്കുറിച്ചും വിശുദ്ധ കുർബ്ബാനയുടെ പ്രാധാന്യത്തെകുറിച്ചും മനസ്സിലാക്കണം. സ്വന്തം വിശ്വാസത്തിൽ ഉറച്ചു നിൽക്കാനുള്ള മനക്കരുത്ത് ഓരോ വിശ്വാസിയും നേടണം. സഭയിൽ നിന്നും അകന്നു പോകുന്ന സഭാമക്കളെ പറഞ്ഞു മനസ്സിലാക്കി തിരികെ കൊണ്ടുവരേണ്ടത് ഒരോ വിശ്വാസിയുടേയും കടമയാണ്. അതിനായിട്ട് നമുക്ക് വേണ്ടത്, നമ്മുടെ സഭയെകുറിച്ചും വിശുദ്ധ കുർബ്ബാനയെക്കുറിച്ചും വിശുദ്ധ കല്പനകളെക്കുറിച്ചുമുള്ള അറിവാണ്. അതിനായുള്ള എളിയ ശ്രമമാണ് ഞാൻ ഈ ലേഖനം കൊണ്ട് ഉദ്ദേശിയ്ക്കുന്നത്.

1. ***ശ്ലൈഹീക പാരമ്പര്യം:-*** പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൻ കീഴിലുള്ള പരിശുദ്ധ സഭാ വിശ്വാസികളാണ് നാം. യേശുക്രിസ്തു വി. പത്രോസിനോടു പറഞ്ഞു "പത്രോസേ നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു... സ്വർഗ്ഗ രാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക്

തരുന്നു.നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിയ്ക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു. (മത്തായി 16:18-20) അതായത് യേശുക്രിസ്തു കൈവയ്പ്പ് അധികാരം കൊടുത്തു സ്ഥാപിച്ച സഭയുടെ പാരമ്പര്യമാണ് നമുക്കുള്ളത്. പുരോഹിതൻമാർക്ക് പാപമോചനത്തിനുള്ള അധികാരം ദൈവം തമ്പുരാൻ കൊടുത്തതാണ്. അവരെ അതിനായി യേശുക്രിസ്തു ചുമതലപ്പെടുത്തിയിരിക്കുന്നതാണ്. വി.യോഹന്നാൻ 20:23-ൽ പറഞ്ഞിരിക്കുന്നത് "ആരുടെ പാപങ്ങൾ നിങ്ങൾ മോചിയ്ക്കുന്നുവോ, അവർക്ക് മോചിക്കപ്പെട്ടിരിയ്ക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിയ്ക്കുന്നു" എന്നാകുന്നു. ഇതിൽ കൂടുതൽ എന്ത് തെളിവാണ് നമുക്ക് വേണ്ടത്. നമുക്കില്ലാത്തത് ഒരു കാര്യമാണ് വി.പത്രോസിന്റെ വിശ്വാസം. പാറപോലെയുള്ള ആ വിശ്വാസം നമുക്കില്ല. നമ്മുടെ വശ്വാസം മഞ്ഞുപോലെയുള്ളതാണ്. ഒരു ചെറിയ വെയിലേററാൽ ഉരുകിപോകും. അതുമാറി ആ പാറപോലെ ഉറച്ച വിശ്വാസം ഉണ്ടാകണം എന്നാലെ നാം സത്യക്രിസ്ത്യാനികൾ ആകു.

2.***വി.കുർബ്ബാന:*** വി.കുർബ്ബാന സ്ഥാപിച്ചത് യേശുക്രിസ്തുവാണ്. സെഹിയോൻ മാളികയിൽ വച്ച് അപ്പവും വീഞ്ഞും വാഴ്ത്തി "ഇത് എന്റെ ശരീരം, ഇത് എന്റെ രക്തം ഇതിൽ നിന്നും നിങ്ങൾ കുടിയ്ക്കുവിൻ" എന്നു പറഞ്ഞു. 1 കൊരി!11:23-34 വരെയുള്ള വാക്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും യേശുക്രിസ്തു പറഞ്ഞിരിയ്ക്കുന്നത് "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്‌വീൻ" എന്നാണ്. ഇത് തന്നെയാണ് നമ്മുടെ സഭയിൽ അനുഷ്ഠിയ്ക്കുന്നത്. സാക്ഷാൽ യേശുക്രിസ്തു സ്ഥാപിച്ച വി.കുർബ്ബാന അവന്റെ രണ്ടാമത്തെ വരവോളം അനുഷ്ഠിക്കണമെന്ന യേശുവിന്റെ കല്പന നമ്മൾ അനുസരിയ്ക്കുന്നു. അതുപോലെ യേശുക്രസ്തുവാണ് പറഞ്ഞത് "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം"എന്ന് (മത്തായി 26:28). യേശുക്രിസ്തുവിന്റെ വചനങ്ങളെ, വിശ്വസിക്കുകയും അതനുസരിക്കുകയും ആണ് നമ്മുടെ സഭ ചെയ്യുന്നത്. കർത്താവിന്റെ വാക്കുകളെ അവിശ്വസിക്കുന്നവൻ പ്രത്യക്ഷമായി അനുസരണക്കേടു കാണിക്കുന്ന മഹാപാപിയാകുന്നു.

"ഇതെന്റെ ശരീരം ഇതെന്റെ രക്തം" എന്നു പറഞ്ഞാൽ അത് ശരീരവും രക്തവും ആകുമോ എന്നു ചോദിക്കുന്നവരുണ്ട്. നമ്മുടെ വി.കുർബ്ബാനയിൽ ശ്രദ്ധാപൂർവ്വം പങ്കെടുത്താൽ അത് മനസ്സിലാകും. പുരോഹിതൻ പ്രാർത്ഥിച്ച് പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് അപ്പത്തിലും വീഞ്ഞിലും പൊരുന്നി ആവസിച്ച് അവന്റെ ജീവനുള്ള ശരീരവും രക്തവും ആക്കി മാററുകയാണ് ചെയ്യുന്നത്. പൊരുന്നി ആവസിക്കുക എന്ന ഒററവാക്കിനു തന്നെ എത്ര അർത്ഥ വ്യാപ്തി ഉണ്ട്. പക്ഷികൾ പൊരുന്നിയാൽ മുട്ട വിരിയിച്ചു ജീവനുള്ള കുഞ്ഞുങ്ങൾ ഉണ്ടാകുന്നു. അതുപോലെ പരിശുദ്ധാത്മാവ് പൊരുന്നിയിരുന്ന് അപ്പവും വീഞ്ഞും രൂപാന്തരപ്പെടുത്തി നമ്മുടെ കർത്താവിന്റെ ജീവനുള്ള ശരീരവും രക്തവുമാക്കി തീർക്കുന്ന മഹാ സംഭവമാണ് വി.കുർബ്ബാനയിൽ നടക്കുന്നത്. ഇതിന്റെ അർത്ഥം

Article

മനസ്സിലാക്കാതെ "കുർബ്ബാന കാണാൻ" പോകുന്നതുകൊണ്ടാണ് ഇതൊന്നും ഉൾകൊള്ളാൻ നമുക്ക് പററാത്തത്.വി.കുർബ്ബാനയിൽ നാം ചൊല്ലുന്ന ഓരോ പ്രാർത്ഥനയ്ക്കും ഒത്തിരി അർത്ഥങ്ങൾ ഉണ്ട്. ഒരിക്കൽ ബഹുമാനപ്പെട്ട ബാബുപോൾ സാറിന്റെ പ്രസംഗം കേൾക്കാൻ ഇടയായി. അദ്ദേഹം പറഞ്ഞത് "വി.കുർബ്ബാനയിൽ പട്ടക്കാരൻ കർത്താവേ എന്നോട് ഉത്തരമരുളി ചെയ്യേണമേ എന്ന പ്രാർത്ഥന മൂന്നു പ്രാവശ്യം ചൊല്ലുന്നുണ്ട് അത് പട്ടക്കാരനു മാത്രമുള്ളതല്ല. ഓരോ വിശ്വാസിയും ആ സമയം അത് ഉള്ളിൽ അനുതാപത്തോടെ ചൊല്ലണം. എന്നിട്ട് പ്രതിവാക്യമായി കുറിയേലായിസ്സോൻ എന്നു ചൊല്ലുമ്പോൾ പരിശുദ്ധാത്മാവ് നമ്മളിലും ആവസിക്കുന്ന അനുഭവം ഉണ്ടാകും" എന്നാണ്. ഇത് നിങ്ങൾക്ക് അനുഭവിച്ചറിയാവുന്നതാണ്. ഇങ്ങനെ കുർബ്ബാനയെ കുറിച്ച് എഴുതിയാൽ ഒരു പുസ്തകം തന്നെ എഴുതാം. എന്നാൽ എന്റെ അറിവ് പരിമിതമാകയാൽ അതിലേക്കു കൂടുതൽ കടക്കുന്നില്ല.

*തുടരും...*

*************************************************

## *അഭിവന്ദ്യ കുറിയാക്കോസ് മോർ യൂലിയോസ്സ് മെത്രാപ്പോലീത്ത കാലംചെയ്തു*

*************************************************



സിംഹാസന പള്ളികളുടെ സീനിയർ മെത്രാപ്പോലീത്തായും, നമ്മുടെ ഇടവകയുടെ പാത്രിയാർക്കൽ വികാരിയുമായിരുന്ന (2002–2004) അഭിവന്ദ്യ നി.വ.ദി.മ.ശ്രീ. കുറിയാക്കോസ് മോർ യൂലിയോസ്സ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് 09–04–2011 ഞായറഴ്ച വൈകീട്ട് 4:15–ന് മഞ്ഞനിക്കര ദയറായിൽ വച്ച് കാലം ചെയ്തു. ദീർഘ കാലം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ഇന്ത്യൻ അഫയേഴ്സ് സെക്രട്ടറിയായിരുന്നു. പ്രമുഖ വാഗ്മിയും സുറിയാനി പണ്ഡിതനുമായിരുന്ന അഭിവന്ദ്യ തിരുമേനി വെളിയനാട് സെന്റ്: സ്റ്റീഫൻസ് ഇടവകാംഗമാണ്. 1955–ൽ യാക്കോബ് മോർ യൂലിയോസ്സ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശ്ശപട്ടവും 1958–ൽ വൈദീക പട്ടവും സ്വീകരിച്ചു. 1990–ൽ പരിശുദ്ധ ഇഗ്നാത്തിയോസ്സ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ റമ്പാൻ സ്ഥാനം നൽകി. 1998–ൽ മെത്രാപ്പോലീത്തയായി ഉയർത്തി. മലങ്കരയിലെ വിവിധ സിംഹാസന പള്ളികളിൽ ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ചു. സഭാ ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഹൂദായ കാനോൻ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുന്നതിൽ മുഖ്യ പങ്ക് വഹിചിട്ടുണ്ട്. 2004 മുതൽ മലങ്കരയിലെ സിംഹാസന പള്ളികളുടേയും സ്ഥാപനങ്ങളുടേയും മെത്രാപ്പോലീത്തയായി പ്രവർത്തിച്ചു വരികയായിരുന്നു. നമ്മുടെ ഇടവകയുടെ രജത ജൂബിലി വർഷത്തിലെ (2003–ൽ) പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ദ്വിതീയ അപ്പോസ്തോലിക സന്ദർശന വേളയിൽ അഭിവന്ദ്യ തിരുമേനി നമ്മുടെ ഇടവക സന്ദർശിച്ചിട്ടുണ്ട്.

***അഭിവന്ദ്യ തിരുമേനിയുടെ വിയോഗത്തിലുള്ള ഇടവകയുടെ അനുശോചനം അറിയിക്കുന്നു.***



Merlin Alex

# Easter Joy

Jesus came to earth,
To show us how to live,
How to put others first,
How to love and how to give.

Then He set about His work,
That God sent Him to do;
He took our punishment on Himself;
He made us clean and new.

He could have saved Himself,
Calling angels from above,
But He chose to pay our price for sin;
He paid it out of love.

Our Lord died on Good Friday,
But the cross did not destroy
His resurrection on Easter morn
That fills our hearts with joy.

Now we know our earthly death,
Like His, is just a rest.
We'll be forever with Him
In heaven, where life is best.

So we live our lives for Jesus,
Think of Him in all we do.
Thank you Savior; Thank you Lord.
Help us love like you!



എല്ലാ ഇടവകാംഗങ്ങൾക്കും
സന്തോഷവും ശാന്തിയും നിറഞ്ഞ
ഈസ്റ്റർ ആശംസകൾ



Dr. Saji C Abraham

# *MEDIA BYTES* (തുടർച്ച)

സമാന ചിന്താഗതിക്കാരുടെ ഒരു കൂട്ടായമയാണ് Internet groups ഇതിന് ഒരു മോഡറേറ്റർ ഉ I ായിരിക്കും. Social Form നമ്മുടെ സഭയുടെ ഒരു group ആണ്. ഈ ഗ്രൂപ്പിൽ രജിസ്ടർ ചെയ്താൽ പുതിയ വർത്തമാനങ്ങൾ, ആശയങ്ങൽ, സംവാദങ്ങൾ എന്നിവ Email news Letter ആയി ലഭിക്കും.

Blogs:- സമൂഹത്തിൽ വ്യക്തികളുടെ അഭിപ്രായങ്ങൾ അറിയിക്കുവാനായി പത്രാധിപർക്കുള്ള കത്ത് ഒരു ഉപാധിയായിരുന്നു എന്നാൽ പത്രാധിപരുടെ സ്വാതന്ത്യത്തിൽ പെട്ടതാരുന്നു, എന്ത് പ്രസിദ്ധീകരിക്കണമെന്നുള്ളത്. എന്നാൽ ഇന്നു സ്വാതന്ത്യമായി സ്വന്തം അഭിപ്രായം പ്രസിദ്ധീകരിക്കുവാൻ Blog കളിൽ എഴുതാവുന്നതാണ്.

E Books:- ഇലക്ട്രോണിക്സ് മാദ്ധ്യമത്തിൽ പ്രസിദ്ധീകരിക്കുന്ന Paperless Bookക്കാണ്. E Book-(Electronic Books)എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. MorAdai Studycenter ഇക്കാര്യത്തിൽ സഭയുടെ ആവശ്യങ്ങൾ നിർവേറ്റി വരുന്നു. ഇക്കഴിഞ്ഞ ആഴ്ച്ച പ്രസിദ്ധീകരിച്ച "ഇവർ പറഞ്ഞിരുന്നത്" എന്ന ലേഖനസമാഹാരം പ്രതേകം ശ്രദ്ധേയമാണ്. www.moradaistudycenter-org/bookonline_21.html എന്ന Site-ൽ ലഭ്യമാണ്.

Social networking :-ലോകജനതയുടെ ഏകദേശം 1/5 ശതമാനം ഇന്നു Facebook എന്ന Social Networking Site ൽ രജിസ്ടർ ചെയ്തിരിക്കുന്നു. ആശയവിനുമയത്തിനുള്ള ഏറ്റവും ശക്തമായ ഒരു മാധ്യമമായി Facebook മാറിയിരിക്കുന്നു എന്ന് പുതിയ ലോകരാഷ്ട്രീയ സംഭവവികാസങ്ങൾ തെളിയിക്കുന്നു. ഇപ്പോൾ വ്യക്തികൾക്കുമാത്രമല്ല കമ്പനികൾക്കും, മാധ്യമങ്ങൽക്കും കൂടി Facebook pages ഉ I ്.

Internet എന്ന സാങ്കേതിക വിദ്യ ശരിയായ വിധത്തിൽ ഉപയോഗിച്ചാൽ സഭയും സഭാംഗങ്ങളും തമ്മിലുള്ള ആശയവിനിമയത്തിനും, സഭാംഗങ്ങളെ വ്യത്യാസസത്യങ്ങളിലും, പാരമ്പര്യങ്ങളിലും ഉറച്ചുനിർത്തുന്നതിനും ഉപകരിക്കുന്നതാണ്.

Email:- sajiabraham@gmail.com

Article

Article

# Kids Bible Wordsearch

## Animals in the Bible puzzle #1

***Fit the words in the list into the diagram below reading forward, backward, up, down, diagonally, always in a straight line.***





| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| J | Q | D | B | I | U | D | P | F | M | Z | S | I |
| L | A | P | B | A | R | T | M | N | O | A | H | N |
| H | C | E | E | T | R | S | P | C | L | L | L | I |
| O | X | U | A | Y | T | E | L | L | E | Z | A | G |
| B | H | O | R | S | E | R | G | M | O | A | K | H |
| X | G | E | J | H | R | K | A | S | P | K | C | T |
| Q | X | S | S | C | O | C | N | H | A | I | A | H |
| K | T | R | E | U | N | I | C | O | R | N | J | A |
| B | R | R | Y | N | O | E | R | T | D | Q | M | W |
| C | S | J | X | J | I | M | S | M | M | O | L | K |
| I | F | Z | P | F | L | O | W | U | E | K | X | J |
| E | F | C | J | R | K | W | F | U | M | N | T | E |
| Q | L | B | W | V | N | M | J | N | Y | O | C | P |

BEAR
CAMEL
DONKEY
GAZELLE
GOAT
HART
HORSE
IBEX
JACKAL

LEOPARD
LION
MOLE
MOUSE
NIGHTHAWK
OSTRICH
SHEEP
UNICORN
WOLF





യൂത്ത് അസോസ്സിയേഷന്റെ അഭിമുഖ്യത്തിലുള്ള 24 മണിക്കൂർ ചെയിൻ പ്രയർ എല്ലാ മാസവും 3-ാമത്തെ ചൊവ്വാഴ്ച്ച 7:30-ന് സന്ധ്യാപ്രാർത്ഥനയോടുകൂടി ആരംഭിച്ച് ബുധനാഴ്ച്ച വൈകുന്നേരം സന്ധ്യാപ്രാർത്ഥനയോടുകൂടി അവസാനിക്കുന്നതാണ്.

# Can You Match These Bible Couples ?

| | | |
|---|---|---|
| 1 | Adam | Abigail |
| 2 | Isaac | Bathsheba |
| 3 | Joseph | Delilah |
| 4 | Zacharias | Drusilla |
| 5 | Elimelech | Elisabeth |
| 6 | Ananias | Eve |
| 7 | Felix | Gomer |
| 8 | Heber | Hannah |
| 9 | Samson | Jael |
| 10 | Ahab | Jezebel |
| 11 | Abraham | Esther |
| 12 | Uriah | Mary |
| 13 | Jacob | Naomi |
| 14 | Nabal | Rachel |
| 15 | Hosea | Rebekah |
| 16 | Boaz | Ruth |
| 17 | Elkanah | Sapphira |
| 18 | Moses | Sarah |
| 19 | Ahasuerus | Zipporah |

Answers in page no:15

## *Tirumeni is being welcome at Airport by Vicar and the Church members*




***********************************************************************

## *Warm Fairwell Wishes To* Mrs. Sony Roy *( Sunday School Teacher)*













Ethan Shaj Kochakkan
4th Birthday
04/04/2011

# Happy Birthday



Mathew Roy
10th Birthday
05/04/2011



Usha Achenkunju

## കിസ്സ് നമ്പർ : 3


### 1 & 2 തിമൊഥെയോസ്(1- 9 --- 1 Thimothy)(10 - 15 ---2 Thimothy)

1. ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾ എന്തുകൊണ്ടാണ് അലങ്കരിക്കേണ്ടത്?
2. ഭൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു പൌലോസ് സാത്താനെ ഏല്പിച്ച രണ്ടുപേർ ആരെല്ലാം ?
3. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ എന്തു ചെയ്യണം ?
4. ദൈവത്തിനും മനുഷ്യനും മദ്ധ്യസ്ഥൻ ആര് ?
5. പൌലോസ് വരുവോളം തിമൊഥെയൊസിനോട് ശ്രദ്ധിച്ചിരിക്കുവാൻ പറഞ്ഞ കര്യങ്ങൾ എന്തെല്ലാം ?
6. എങ്ങനെയുള്ളവരാണ് ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണേണം എന്ന് പൌലോസ് പറഞ്ഞത് ?
7. വിശ്വാസവും എല്ലാവരും അംഗീകരിച്ചപ്പോൾ യോഗ്യവുമായ വചനമേത്?
8. ദൈവഭക്തിയുടെ ആറ് മർമ്മങ്ങൾ എന്തെല്ലാം ?
9. സകലവിധ ദോഷത്തിന്റേയും മൂലം എന്ത് ?
10. വിശ്വാസത്തിനു പ്രസിദ്ധമായ അമ്മയും വല്ല്യമ്മയും ഉണ്ടായിരുന്നവർ ആര് ?
11. ആരെയാണ് പൌലോസ് മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നത്?
12. ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല പിന്നെ എന്തിന്റെ എല്ലാം ആത്മാവിനെയാണ് ദൈവം നമുക്ക് തന്നത് എന്ന് പൌലോസ് പറഞ്ഞത്?
13. മോശെയോട് എതിർത്തു നിന്നവർ ആരെല്ലാം?
14. തന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു എന്നു പറഞ്ഞ പൌലോസ് തന്റെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു ?
15. ആദ്യഫലം അനുഭവിക്കേണ്ടത് ആരാണെന്നാണ് പൌലോസ് പറഞ്ഞത് ?

*************************************************************************************

### കിസ്സ് നമ്പർ 2 ഉത്തരം ( മാർച്ച് )

1. 260 ദിവസം(11:3)
2. 1000 വർഷം
3. ജീവ വൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും(22:19)
4. സമുദ്രത്തിൻമേലും ഭൂമിമേലും നില്ക്കുന്ന ദൂതന്റെ കൈയ്യിൽ നിന്ന്(10:8)
5. പുതിയ യെരുശലേം(21:2)
6. ബാബിലോൺ മഹാനഗരത്തെ(18:21)
7. ജാതികളുടെ രോഗശാന്തിക്ക്(22:2)
8. മീഖായേലും അവന്റെ ദൂതൻമാരും മഹാസർപ്പത്തോട്(12:17)
9. ദൈവവചനം (19:13)
10. ഹർമ്മഗെദ്ദോൻ(16:16)
11. ഏഴ് ഇടി മുഴങ്ങിയത്(10:4)
12. സൂര്യന് അണിഞ്ഞ സ്ത്രീ (12:5)
13. പുള്ളിപുലി,കരടി,സിംഹം(13:2)
14. തീപ്പൊയ്ക (20:15)
15. 144 മുഴം (21:17)




Bible Quiz

## *Bible Quiz Winners (March)*

1. Annie Surya George
2. Aleyamma Thomas
3. Christy Mariam Reji
4. Binumon Jacob
5. Beena Jacob
6. Blessy Prageesh
7. Bindhu Sunil
8. Bisy Aby
9. Ebi Biju Thelappilly
10. Elsy Abraham
11. Jessy Biju
12. Jackson Jerome
13. Joji Susan Mani
14. Jeen Sara Ajith
15. Jeepa Shaj
16. Jismol. P.Jayan
17. Jibi Mathew
18. Laly.C. Joshua
19. Mercy Abraham
20. Molly Baby
21. Preethy Gijo
22. Sini Saji
23. Shelby Jacob
24. Shaiby Baby
25. Simi Elias
26. Sheela Manoj
27. Sinimol Jijo
28. Zibi Benny
29. Jaimol saji

*Congratulations..........*

*****************************

***Due to some inconvenience, We couldn't publish the Crossword for the month of April. kindly excuse...***

## ***Match the Couples(Answers)***

Adam & Eve, Issac & Rebekah, Joseph & Mary,
Zacharias & Elisabeth, Elimelech &Naomi,
Ananias &Sapphira, Felix & Drusilla, Heber & jael,
Samson & Delilah, Ahab & Jezebel, Abraham & Sarah,
Uriah & Bathsheba, Jacob & Rachel, Nabal & Abigail,
Hosea & Gomer, Boaz & Ruth, Elkanah & Hannah,
Moses & Zipporah, Ahasuerus & Esther.

## 41-ാം ചരമദിനം
## 08/04/2011



# CHINNAMMA JOSEPH (75)
# VETTAKULATH

*Inserted By*

**Achenkunju & Family**

**Biju & Family**

# അറിയിപ്പുകൾ

## ഹാശാ ആഴ്ച്ചയിലെ ശുശ്രൂഷകൾ – 2011

അഭിവന്ദ്യ പത്രോസ് മോർ ഒസ്താത്തിയോസ് തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ഹാശാ ആഴ്ച്ചയിലെ ശുശ്രൂഷകൾ


| | | |
|---|---|---|
| April 15 (വെള്ളി) | : | നാൽപതാം വെള്ളി (40th day of Lent); വി.കുർബ്ബാന - 8 AM |
| April 16 (ശനി) | : | ഊശാന ("Hosanna")<br>വി.കുർബ്ബാന (5.30 PM – 8.00 PM) |
| April 17 (ഞായർ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം<br>(അഭിവന്ദ്യ തിരുമേനി) (6.30 PM – 8.00 PM) |
| April 18 (തിങ്കൾ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം<br>(അഭിവന്ദ്യ തിരുമേനി) (6.30 PM – 8.00 PM) |
| April 19 (ചൊവ്വാ) | : | സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം<br>(അഭിവന്ദ്യ തിരുമേനി) (6.30 PM – 8.00 PM) |
| April 20 (ബുധൻ) | : | സൺഡേ സ്കൂൾ കുട്ടികൾക്കു മാത്രമായുള്ള കുമ്പസാരം<br>(Confession for Sunday School Students only) (4.30 PM – 5.00 PM) |
| | : | പെസഹാ വ്യാഴാഴ്ച ("Maundy Thursday")<br>വി.കുർബ്ബാന (5.30 PM – 8.00 PM) |
| April 21 (വ്യാഴം) | : | കാൽകഴുകൽ ശുശ്രൂഷ ('Washing the Feet of Disciples')<br>(5.30 PM – 8.00 PM) |
| April 22 (വെള്ളി) | : | ദു:ഖവെള്ളി ("GOOD FRIDAY") ശുശ്രൂഷ (7.30 AM – 1.30 PM) |

(ദു:ഖവെള്ളിയുടെ ശുശ്രൂഷകൾ സുഗയ്യയിലുള്ള (Sugaiya) കേരളസമാജം ഹാളിൽ വച്ചായിരിക്കും നടത്തപ്പെടുക)

| | | |
|---|---|---|
| April 23 (ശനി) | : | വി.കുർബ്ബാന (അറിയിപ്പിന്റെ ശനി) (10:00 AM – 11.00 AM) |
| | : | ഈസ്റ്റർ ("EASTER") ശുശ്രൂഷ<br>വി.കുർബ്ബാന (5.30 PM – 8.00 PM) |

സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം വി.കുമ്പസാരത്തിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്.

## NEW BORN JOY



**Baby boy for Mr. Anil Alexander and Mrs. Saye .C. Alexander**
**Baby Boy for Mr.Varghese P. M and Mrs. Jasmine Varghese**
**Baby Girl for Mr.Subin.C.Mathew and Mrs. Anju Subin**

News

## മർത്തമറിയം വനിത സമാജം



നമ്മുടെ ഇടവകയുടെ ഭക്തസംഘടനയായ മർത്തമറിയം വനിത സമാജത്തിന്റെ 2011-ലെ Co-ordinator ആയി ശ്രീമതി. ഏലിയാമ്മ തോമസ്സിനേ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹിക്ക് ഇടവകയുടെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

2010-ലെ Co-ordinator ശ്രീമതി. ലാലി. സി. ജോഷ്വക്ക് ഇടവകയുടെ എല്ലാവിധമായ നന്ദിയും അറിയിക്കുന്നു

***എപ്രിൽ 29 :- പരി: അബ്ദുൾ ജലീൽ മോർ ഗ്രിഗോറിയോസ് ബാവയുടെ ഓർമ്മ പെരുന്നാൾ.***

***എപ്രിൽ 29 :-ബാബു അച്ചന്റെ ഓർമ്മ ദിവസം.***

(നമ്മുടെ ഇടവകയുടെ പ്രമുഖ സ്ഥാപകാംഗവും, ഇടവകയിലെ പ്രഥമ വൈദികനുമായിരുന്നു).

***മെയ് 6 :- വി. ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ.***

## അനുശോചനം

നമ്മുടെ മെമ്പറായ ശ്രീ. ചാക്കോ പി ഐ  യുടെ സഹോദരി ഭർത്താവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു

### പരുമല തിരുമേനിയുടെ ധന്യവചസ്സുകൾ

**കടം വാങ്ങിപ്പാൻ മടിപ്പിൻ. വാങ്ങിച്ചുപോയാൽ അതു വീട്ടുന്നതുവരെ ഉറങ്ങാതെ ജാഗരണപ്പെട്ടുകൊൾവിൻ**

***Be reluctant to borrow. if you borrow, do not take rest until you pay the debt.***



Anu Mariam Saji

# *SUNDAY SCHOOL EDUCATION – TRUE VALUE*

***2nd Corinthians 5:15***

"And he died for all that those who live no longer for themselves but for him who died for them and rose again".

Being brought up in Saudi Arabia I never truly understood the worth of a Sunday school education of our church and the joy of going to church. It was only after we moved to Bahrain that I truly realized what I had been missing all along. Now, at 15 church and Sunday school have not just become a part of my life but my faith in god has become the core around which I build my life

There was once a time when I only registered myself as being a Christian and not a Jacobite. The customs, various symbolisms and the depth behind them were alien to me (since I was attending ecumenical Sunday school). Learning about the various symbolic acts in the Holy Qurbana, the essence of other sects etc,, has not only made me more aware of my roots, but it has strengthened my relationship with god something I will be eternally grateful for. I have realized that my life isn't to be lived for myself but for god and that without faith I am essentially nothing .Sunday school might seem like a tedious bulk of history to many of us, something that has no impact on our present, past or future but I would like to use this platform to straighten this misconception. For if it weren't for the years I spent in Sunday school I would not have the relationship I have with god today and nor would I be the person I am today. In my final year as a student of this Sunday school I find it imperative that I express my sheer gratitude and love that I harbor for my teachers and friends and most importantly the church for giving me the opportunity to be made a new in Christ .

"For if anyone is in Christ, he is a new creation: old things have passed away; all things have become new" – 2nd Corinthians 5:17

*********

Prageesh John



# പാപത്തിന്റ് ബഹുമുഖങ്ങൾ...

മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനെ ഭയപെടുത്തുന്ന ഒന്നാണ് പാപം. പ്രത്യേകിച്ച് വിശ്വാസികളെ. എന്നാൽ പാപത്തെകുറിച്ചുള്ള വിശ്വാസികളുടെ കാഴ്ച്ചപ്പാട് ഇടുങ്ങിയതും ചുരുങ്ങിയതുമാണ്. പലരുടെയും മനസ്സിൽ പാപം  എന്നത് 10 കല്പന കളുടെ ലംഘനം മാത്രമായി ഒതുങ്ങുന്നു. വേദപുസ്തകം പഠിക്കുമ്പോൾ പാപത്തിന്റെ തിവ്രത, കല്പന ലംഘനത്തിൽ മാത്രം ഒതുങ്ങുന്നില്ല എന്നു കാണാവുന്നതാണ്.

ആദിമനുഷ്യരുടെ പാപത്തിന്റെ പ്രഥമഭാവമാണ് “പർവ്വതീകരിക്കൽ” എന്ന സ്വഭാവം. ഏദൻതോട്ടത്തിൽവെച്ച് ആദിമനുഷ്യരോട് ദൈവം കല്പിച്ച കാര്യം (ഉൽപ:2:16) ഹൗവ്വ പർവ്വതീകരിച്ചാണ് പാമ്പിനോട് വിവരിക്കുന്നത് (ഉൽപ:3:3). ഫലം ഭക്ഷിക്കരുതെന്ന് മാത്രമല്ല തൊടുക പോലും അരുത് എന്ന് ദൈവം കല്പിച്ചു എന്ന പ്ര സ്താവന ഒരു തരത്തിൽ ദൈവകല്പനയെ വിപരീത അർത്ഥത്തിൽ പർവ്വതീകരിച്ചു പറയുകയായിരുന്നു.

പറയാത്ത കാര്യത്തെ അതിശയോക്തി കലർന്നവിധത്തിൽ പർവ്വതീകരിച്ച് പ്രസ്താവിക്കുന്ന പ്രവണത ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു I്. നല്ലതും തീയതു മായ എല്ലാ കാര്യങ്ങളിലും ഈ പർവ്വതീകരിക്കൽ പ്രവണത ക I ുവരുന്നു.

പാപത്തിന്റെ മറ്റൊരു മുഖം അൽപം കൂടി വ്യക്തമാണ്. നാളുകളായി പരി ചയമുള്ള ദൈവത്തിന്റെ വാക്കുകളേക്കാൾ ഉപരിയായി കേവലം മണിക്കുറുകൾ മാത്രം പരിചയമുള്ള പാമ്പിന്റെ വാക്കുകൾക്ക് പ്രാധാന്യം നൽകുന്ന (ഉൽപ:3:5:6) സ്വഭാവം. ആധുനികകാലത്ത് നമുക്ക് ഈ സ്വഭാവം വളരെ സുപരിചിതമാണ്. മതവിഷയങ്ങളിലും, വിശ്വാസകാര്യങ്ങളിലും ഈ പ്രവണത വർദ്ധിച്ചുകാണുന്നു.

സ്വന്തം തെറ്റുകൾ സമ്മതിക്കാതിരിക്കുന്ന പ്രവണതയാണ് പാപത്തിന്റെ മറ്റൊരു മുഖം. ഭക്ഷിക്കരുതെന്ന് പറഞ്ഞ ഫലം ഭക്ഷിച്ചോ എന്ന് ചോദിച്ചതിന് ഉത്തരം ലഭിക്കേ I ിയിരുന്നത് “ഉവ്വ് ” എന്നായിരുന്നു. എന്നാൽ ആദാം തന്റെ തെറ്റിനെ സൗകര്യപൂർവ്വം ഹൗവ്വയുടെ മേൽ ചാരി, താൻ തെറ്റുകാരനല്ല എന്ന് ഭാവിച്ചു. ഹൗവ്വായോടുള്ള ചോദ്യത്തിന് ഹൗവ്വയും തന്റെ തെറ്റിനെ പാമ്പിൻമേൽ ചാരിയിട്ട് സ്വയം നീതീകരിക്കുവാൻ ശ്രമിക്കുന്നത് പാപത്തിന്റെ മറ്റൊരു മുഖഭാവമാണ്.

പാപങ്ങളുടെ ഈ മുഖഭാവങ്ങൾ നമ്മളിൽ പലരിലും ദർശിക്കുവാൻ കഴിയുന്നില്ലേ? അതിനാലാകാം സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നത് തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കണമേ. (സങ്കീ:19:12) നാമും പാപത്തിന്റെ പലമുഖഭാവങ്ങളാൽ ബ ന്ധിക്കപ്പെട്ടവരാണ്. ഈ ബന്ധനങ്ങളിൽ നിന്ന് മോചനം പ്രാപിക്കാൻ നമുക്കും ശ്രമിക്കാം. ഈ കഷ്ടാനുഭാവാഴ്ച്ചയുടെ നാളുകളിൽ ദൈവം തമ്പുരാന്റെ പ രിശുദ്ധാത്മാവിനാൽ നമ്മളെ ഒരോരുത്തരേയും സഹായിക്കട്ടെ  എന്ന് പ്രാത്ഥി ക്കുന്നു. ദൈവതിരുനാമം മഹത്വപ്പെടുമാറാകട്ടെ..

എന്ന് സ്നേഹപൂർവ്വം....

പ്രജീഷ് ജോൺ തരകൻ( എഡിറ്റർ )